# പതിനാലാം കേരള നിയമസഭ
# പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2509

12.03.2020-ലെ മറുപടി

## കണ്ടല്ലൂർ, ദേവികുളങ്ങര പഞ്ചായത്തുകളിലെ കുടിവെള്ള പ്രതിസന്ധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി യു. പ്രതിഭ | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കണ്ടല്ലൂർ, ദേവികുളങ്ങര ഗ്രാമപഞ്ചായത്തുകളിൽ രൂക്ഷമായ കുടിവെള്ള പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്എന്ന് വിശദമാക്കാമോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, വരൾച്ചാസമയത്ത് കായംകുളം നിയോജക മണ്ഡലത്തിലെ കണ്ടല്ലൂർ, ദേവികുളങ്ങര പഞ്ചായത്തുകളിൽ ശുദ്ധജലക്ഷാമം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. **കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത്**<br>കണ്ടല്ലൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നത് വെട്ടുതറ കോളനി, പെരുമന കോളനി, മണിവേലിക്കടവ്, ഓണമ്പള്ളി, വടക്കൻ കോയിക്കൽ, കാരാവള്ളി, കോഴിക്കായൽവാരം എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന കുഴൽക്കിണറുകളിൽ നിന്നാണ്. ഈ പ്രദേശങ്ങളിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(a) വെട്ടുതറ കോളനിയിലെ പമ്പ് സെറ്റിന്റെ ഡിസ്ചാർജ് കൂട്ടി പുനസ്ഥാപിച്ചു.<br>(b) പെരുമന കോളനിയിലെ ലീക്കായ കോളം പൈപ്പ് മാറ്റി പകരം പുതിയ പൈപ്പ് സ്ഥാപിച്ചു. കൂടാതെ പമ്പിംഗ് സമയം ദീർഘിപ്പിച്ചു.<br>(c) മണിവേലിക്കടവ് കുഴൽക്കിണറിൽ വേലിയേറ്റ സമയത്ത് ഉപ്പ് വെള്ളം കയറുന്നതിനാൽ വേലിയിറക്ക സമയത്ത് 8 മണിക്കൂർ പമ്പ് ചെയ്യാനുള്ള നപടി സ്വീകരിച്ചു.<br>(d) വടക്കൻ കോയിക്കൽ, കാരാവള്ളി എന്നീ പമ്പ് ഹൗസുകളിലെ പമ്പിംഗ് സമയം ദീർഘിപ്പിച്ചു.<br>(e) പത്തിയൂർ ജലശുദ്ധീകരണശാലയിൽ നിന്നും പെരുമ്പള്ളിയിലേക്ക് പോകുന്ന പ്രധാന പൈപ്പ് ലൈനിൽ (250mm DI Pipe) നിന്നും കൊച്ചിയുടെ ജെട്ടി പാലത്തിന് കിഴക്ക ഭാഗത്തു വച്ച് കണ്ടല്ലൂർ പഞ്ചായത്തിലെ 110mm PVC പൈപ്പുമായി ഇൻറർകണക്ട് ചെയ്ത് കണ്ടല്ലൂർ, |

| ചോദ്യം | മറുപടി |
|---|---|
| | ആറാട്ടുപുഴ കിഴക്കേകര, ദേവികുളങ്ങര പഞ്ചായത്തിലെ കണ്ടല്ലൂർ പഞ്ചായത്തിനോട് ചേർന്ന് കിടക്കുന്ന ഭാഗം എന്നിവിടങ്ങളിൽ ശുദ്ധജലം എത്തിച്ചു.<br>(f) ഓണമ്പള്ളി, കോഴിക്കായൽവാരം എന്നീ പമ്പ് ഹൗസുകളിൽ ദിവസേന 20 മണിക്കൂർ വീതം പമ്പ് ചെയ്ത് ആ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നുണ്ട്.<br><br>2. **<u>ദേവികുളങ്ങര ഗ്രാമ പഞ്ചായത്ത്</u>**<br><br>ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നത് വടക്കേ ആഞ്ഞിലിമൂട്, പുതുപ്പള്ളി, മുട്ടത്തുമണ്ണേൽ, വാർഡ് 2, ദേവികുളങ്ങര, കാ്വാശ്ശേരിമണ്ണേൽ, കളിയിക്കൽച്ചിറ എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന കുഴൽക്കിണറുകളിൽ നിന്നുമാണ്. എല്ലാ പമ്പ് ഹൗസുകളിലും ജല ലഭ്യതയ്ക്കനുസരിച്ച് പരമാവധി സമയം പമ്പ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുതുപ്പള്ളി ഉന്നതതല ജല സംഭരണി രാത്രി സമയത്ത് പൂട്ടി പൂർണ്ണമായും ജലം സംഭരിച്ച് രാവിലെ തുറന്ന് വിടാനുള്ള നടപടിയും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.<br>ഇതിനുപുറമെ പ്രസ്തുത പഞ്ചായത്തുകളിലെ ജലക്ഷാമം അനുഭവപ്പെടുന്ന മറ്റ് പ്രദേശങ്ങളിലും അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**